**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3439** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി വഴി നടപ്പാക്കുന്ന ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡിന്റെ പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഇടക്കോലി – ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്ട്രെച്ചുകൾ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിലും ലാൻഡ് അക്വിസിഷൻ സാധിക്കുമോ എന്നതിന്മേൽ കേരളാ റോഡ് ഫണ്ട് ബോർഡ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത റിപ്പോർട്ട് കിഫ്ബിയിൽ ലഭിച്ചിട്ടില്ല. |
| (സി) | ഈ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; ആയതിനു വേണ്ട തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. കിഫ്ബിയുടെ ധനാനുമതിക്കായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദപദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) സമർപ്പിക്കുകയും അത് കിഫ്ബി അവലോകന വിഭാഗം പരിശോധിക്കുകയും ചെയ്യുന്നു. പ്രസ്തുത ഡി.പി.ആർ കിഫ്ബി മാനദണ്ഡപ്രകാരം അല്ലാത്ത പക്ഷം അതിൻ പ്രകാരം ആക്കുന്നതിലേക്കായി കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് നൽകുന്നു. അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെടുന്നതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകുന്നു. ഇടക്കോലി – ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടില്ലാത്തതിനാൽ മേൽ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ